ശ്രീമഹാഭാരതത്തിൽനിന്നും

എടുക്കപ്പെട്ട

തംബ്ലശീവിവരം

പാന

—:0:—

ഇത

ജനോപകാരത്തിനായ്ക്കൊണ്ട

കടയ്ക്കാവൂർ പള്ളിശ്ശന്തരമഞ്ഞാട്ട

ചീരാളൻശങ്കരനാൽ

ഉണ്ടാക്കപ്പെട്ടത

—0—

വിദ്യാനോപകല്പമൊരാംഭാണ്ടേരിൽ

തിരുവനന്തപുരം

ശാലയിൽ പുസ്തകക്കച്ച

സീ- മാത്തൻ ചിലവുചെയ്ത

കെരളോദയം അച്ചുക്കൂടത്തിൽ

അച്ചടിപ്പിച്ചത

ഇതിന്റെ സകലബാധ്യം

[illegible]- മത്തനിൽ ജാതിഭേദ.

[illegible]

ശ്രീമഹാഭാരതത്തിൽനിന്നും

എടുക്കപ്പെട്ട

താജ്ജഴിവിവരം

പാന

ഒന്നാം ഭാഗം

ഹരിഃ ശ്രീഗണപതയെനമഃ
അവിഘ്നമസ്തു.

കാലകാലൻകലാധാരിശംകരൻ
നീലകണ്ഠൻമലെശൻമഹെശ്വരൻ-
ഫാലലൊചനനാലഭ്രകനൻകരി
കൊലമായൊരുകാലമെന്നാലുടൻ
ബാലമലമകളായമൃഡാനിയ
കൈാലശീലവുംകാലവുംപാൎത്തുക-
ണ്ടാലയമായശൈലെശിവാപിടി
കൊലമായിരുപെരുംമലർശര-
ലീലപൂണ്ടുമാലെറിവിനൊദിച്ചു
കാലമഞ്ജുളവാകിയബാലകൻ
മൂലനായകനായഗജാനനൻ
മാലകററുവാനായിവന്ദിച്ചുഞാൻ-
കാലകാലമെവാഴുംകടെസ്സൂാവൂർ
ബാലസുബ്രഹ്മണ്യസ്വാമിതന്നുടെ-
കാലിണതന്റെരജ്വാലാവലികളാൽ
കാലദൊഷമകററിരക്ഷിക്കണം-

നീലവെണിസരസ്വതിദെവിയും
കാലമെവനനുഗ്രഹിച്ചെന്നെനീ-
പാലനംചെയ്യുതിനവിശെഷിച്ചും
കാലിണയതിൽവീണകമ്പിടുഹം-
കാലമെയുള്ള ഭാരതംതന്നിലെ
മൂലവൃക്ഷമായുള്ള ഭായാദിയിൽ-
നാലിലിന്നൊരുഭാഗംപറഞ്ഞിടാം
ബാലകൎക്കുംഗ്രഹിപ്പാനറിഞ്ഞപൊൽ-
മതിയില്ലന്നവനാകിലുമൊരു
കൊതിയുണ്ടിനിക്കുള്ളിൽവളരുന്നു-
ഭാതിനാലിന്നസമ്പൂൎണമിക്കവി
കതവാകണംപിന്നെവിശെഷിച്ചും-
നിനവൊടിന്നഭാരതംകെൾക്കയും
ഘനമൊടിതുസാരംപറകയും-
കനിവൊടുഭായാദികെൾക്കിൽചിലർ
കനിയുംപുനരെങ്കിലുമിന്നിതിൽ-
കററമൊ ാന്നചൊല്ലുവാനെന്നുടെ
ചുററമണ ളുണ്ണിപ്പുഷ്കരം-
കററവക പൊറുത്തീടുകിൽ
മററതുകെ റിക്കില്ലൊരീഷ്യയും-
ആനതന്റെനടകണ്ടൊരുകഴി
യാനയുടെ ഭാനടക്കാതിരിക്കുന്നു-
പക്ഷിരാജനാകാശെപറക്കയിൽ
മക്ഷികംപറന്നീടാതിരിക്കുമൊ-
ആയതുപൊലെഞാനിന്നൊരുവിധ
മായവൎണ്ണ്യംപരിശ്രമിച്ചീടുന്നെൻ-

അറിഞ്ഞതുമറിയാതെയുംവന്നുള്ളൊ
രപരാധങ്ങളൊക്കെക്ഷമിക്കണം-
ഭക്തിനാലിന്നുവിദ്വജ്ജനങ്ങളെ
ശക്തിയാവൊളവുംവണങ്ങീടുന്നെൻ-
ദുഷ്ടകൊപാൽപരശുരാമൻപണ്ടു
നഷ്ടമാക്കിനാൻതന്റെജനനിയെ-
ശിഷ്ടകൎമ്മങ്ങൾചെയ്തതിനായവ
നിഷ്ഠയൊടെസമഗ്രമഖ്യത്തൊടൻ-
നിഷ്ഠയുണ്ടുകലശമാടിഭവാൻ
വിഷ്ണുപദത്തെയുംനിൎമ്മിച്ചുസാദരം-
പുഷ്ടിയാക്കുവാനന്നുസപ്പ്രദ്രനെ
ഇഷ്ടിപൂണ്ടുനമസ്കരിച്ചീടിനാൻ-
ചുററിമെല്ലെവെസൎപ്പജാലങ്ങളും
ചുററുകൾകൊണ്ടുടൻനികത്തീടിനാർ-
കുററമാസ്ത്രരാനാലൊന്നുഭാൎഗ്ഗവൻ
തെററകൂടാതവൎക്കെകീടിനാൻ-
ഉററഭൂമിയിൽചെയ്യുന്നവെലകൾ
കൊററപൊലെശൂദ്രാവൎക്കെന്നത്
കുററമായുള്ളത്ചെയ്യീലയെങ്കിലെ
ചററുമാലിന്യമായുള്ളബാധകൾ-
ഒ[illegible]യെപറഞ്ഞതീടിനെന്നിഭൂമി
[illegible]ഴിയുന്നതുംവെള്ളത്തിനാൽദുഃഖം-
ങ്ങളവില്ലാതെവെള്ളമെല്ലാമഹാ
പ്രളയത്തിലുമുള്ളശാസ്ത്രോക്തിയിൽ-
ഒന്നുമിന്നുമിനിമെലിലുംലയം
ഒന്നുമില്ലാതെയുള്ളതരന്നങ്ങൾ-



പത്മനാഭനൊഴിഞ്ഞൊരുമറെറാന്നുമന്ന
സ്വപ്നത്തിങ്കലുമൊക്കെണ്ണാതത്തരം-
പത്മനെത്രമടച്ചുപാലാഴിയിൽ
പത്മനാഭൻശയിക്കുംദശാന്തരെ-
അംബുജാക്ഷൻറനാഭിപത്മത്തിൽവ
ന്നന്നുബ്രഹ്മാവുജാതമായീടിനാൻ-
പത്മനാഭൻറനുജ്ഞയുംകൈക്കൊണ്ടു
പത്മസംഭവൻസൃഷ്ടിചെയ്യുന്നുതൻ-
മാനസത്തിൽനിന്നാറുപെർതാപസ
ശ്രനംക്രുടാതുളവായവർപെർ-
അത്രിയംഗിരസ്സുംപുലസ്ത്യൻക്രതു
തത്രപിന്നെമരീചിപുലഹനും-
എന്നതിൽമരീചിക്കടൻപുത്രനായി
വന്നുജാതമായീടിനാൻകാശ്യപൻ-
നലമൊടുതരുംചെയ്യാംവിരിഞ്ചൻറ
വലഭാഗെപെരുവിരൽതന്നിരുനി-
ന്നലിവൊടുടനുണ്ടായിദക്ഷനും
ബലവാ [illegible] ന്നത്രയുംകീർത്തിമാൻ-
അന്ന്യ [illegible] ിരലിൽനിന്നങ്ങൊരു
കന്യരത്നവു[illegible]ണ്ടായിവന്നുപൊൽ-
ദക്ഷനിച്ചൊന്നകന്യയിൽപുത്രിമാ
രക്ഷണ[illegible]ങ്ങൊരൻപതുണ്ടായതിൽ-
പത്തുപെരെക്കൃതാന്തനായിട്ടുടൻ
പത്നിമാരാക്കിനൽകിനാൻദക്ഷനും-
അപ്രകാരമിരുപത്തിഏഴിനെ
പ്രസുമൊദാൽകൊടുത്തിതുചന്ദ്രനും-

അത്രിതന്മകൻചന്ദ്രനാകുന്നതു
തൽസ്സുതൻബുധനെന്നുകാണുന്നിതിൽ-
സൂൎയ്യനന്ദനനാകുമിളയൊരു
കാൎയ്യഹെതുനാനാരിയായ്വന്നപൊൾ-
കാമിനീമണിയെക്കണ്ടുടൻബുധൻ
കാമമാൎപ്പൂണ്ടുപുൽകിനാനക്ഷണം-
പുരൂരവെന്നൊരുപുത്രനുണ്ടായവൻ
സൂനുവായതുമായുസ്സവന്റെപെർ-
തന്നുടെസുതനായ്വന്നതിന്നുകെൾ
ധന്യനായനഹുഷനത്രെബുധം-
നന്ദനനൊന്നവനുമുണ്ടായവൻ
നന്ദിയെറുമയയാതിയന്നാക്ഷണം-
ശുക്രനന്ദനയാംദെവയാനിയെ
കല്യാണമൊന്നവൻപിന്നെയുംവെട്ടപൊൾ-
കീൎത്തിമാൻവൃഷപൎവ്വാവുതന്മകൾ
ധൂൎത്തയാകുന്നശൎമ്മിഷ്ഠതന്നെയും-
പത്നിമാരാക്കിവാഴുന്നകാലത്തു
ഭദ്രമായഞ്ചുപുത്രരുണ്ടായതിൽ-
ദെവയാനിയിൽവന്നുദിച്ചയദുവും
ദെവ[illegible]യെതുൎവ്വശ്ശുമിങ്ങനെ-
ദ്രുഹ്യുവുമനുദ്രുഹ്യുവുംപൂരുവും
ദെഹികൾമൂന്നുമററവൾക്കുണ്ടായി-
പൂരുതന്നുടെപത്നിയാക്കീടിനാൻ
നാരിമാർമണിയായകൌസല്യയെ-
ജനമെജയനെന്നൊരുപുത്രനാം
ജനൌവന്നുദിച്ചുകൌസല്യയിൽ-

ശ്ശുന്നനന്തരം
[illegible]വാൎക്കുപ്രാചിന്വാനൊരുമകൻ-
അശ്മകിയെന്നപെണ്ണിനെവെട്ടവ
നെന്ത്രസൌവ്യമാസ്സാഴംഭശാന്തരെ-
പുത്രനൊന്നുജനിച്ചുശൎയ്യാതിയ
ങ്ങിത്രിലൊകംഭരിപ്പാൻസമൎത്ഥനായ്-
മാനിയാകുംതശന്തുവുതന്നുടെ
കൊമളസുതയാകുംവരാംഗിയെ-
ഭാൎയ്യയാക്കിപ്പുണൎന്നതിലുണ്ടായി
സാരനായസുതനാമഹംപതി-
താനുമപ്പൊൾകൃതവീൎയ്യപുത്രിയാം
മാനിനിയായഭാനുമതിയയും-
കണ്ടുകൊണ്ടുണ്ടായുടൻസാൎവ്വഭൌമനും
മങ്ങുന്നാളാംവസുന്ധരെവെട്ടവൻ-
പുത്രനായിട്ടുടൻജയസെനനും
തത്രവന്നുജനിച്ചുപൊലക്കാലം-
താനുമന്നുവിദൎഭരാജാത്മജ
യാസ്സുരവുംസുഷുപയെവെട്ടതിൽ-
വീൎയ്യവാരാ[illegible]ിധിയാമരചീന
നാദരാലവൎക്കുണ്ടായിപുത്രനായി-
വെളിയൊന്നവൻചെയ്തുമൎയ്യാദയെ
കെളിയൊരംമഹാഭൌമനുണ്ടായി-
കാമിനീമണിയാകുംസുമന്ത്രയെ
കാമിച്ചന്നവൻകല്യലാക്കീടിനാൻ-
നന്ദനനാമയുതനനുണ്ടായി
സുന്ദരനവനെന്തയുംകീൎത്തിമാൻ-

കീൎത്തിയെറും പ്രഥശ്രൂവുപുത്രിമാരിലും
ധൂൎത്തയായൊരുഭാസയെവെട്ടവൻ-
പുത്രനായുടനക്രൊധനുണ്ടായി
വിക്രമമിവനൊളമില്ലാൎക്കുമെ-
ന്നുചൊല്ലെറുന്നകലിംഗരാജാവിൻെറ
പുത്രിയാകുംകരണ്ഡുവെവെട്ടവൻ-
ജാതമായിതുദെവാതിഥിയെന്ന
നാമധെയിമഹാബ്ഭുജവിക്രമൻ-
വെട്ടുപിന്നെവിദെഹൻെറപുത്രിയാം
കെട്ടുകൊള്ളണംമൎയ്യാദതന്നെയും-
ങ്ങംഗഭൂപനെന്നുണ്ടായവനൊരു
നന്ദനനവനൈശ്വൎയ്യംകീൎത്തിമാൻ-
ബാമനയെന്നൊരുനാരിയെവെട്ടവ
നാമൊദത്തൊടുവാഴുംദശാന്തരെ-
ഋക്ഷനെന്നൊരുപുത്രനുമുണ്ടായി
ശിക്ഷതന്നെവിചാരിച്ചുകാഞ്ഞിലെം-
ത്തക്ഷകാത്മജയാകുംവലലയെ
തൽക്ഷണമവനാംവശമാക്കിനാൻ-
പുത്രനായവക്കന്തിനാരൻപ്രഭു
പത്നിയായവനപ്പൊളംസരസ്വതി-
ചെറവത്ത്സുവെന്നുണ്ടായൊരുമകൻ
[illegible]റവകാളിന്ദിതന്നെയുംവെട്ടവൻ-
ആത്മജനായിനിലീലനുമുണ്ടായി
ആത്മഖെദമടക്കിവാഴുന്നനാൾ-
താനുമന്നുരഥന്തരിയെന്നൊരു
കാമിനീമണിതന്നെവെട്ടീടിനാൻ--

യഞ്ചുമക്കളും.

പ്പൊടങ്ങവൎക്കുണ്ടായിവന്നതിൽ-
വിശ്വാമിത്രന്റെപുത്രീശകുന്തളെ
വിശ്വാസത്തൊടുവെട്ടുദുഷ്ഷന്തനും-
നന്ദനനായിഭരതനുണ്ടായവ
നന്നുവെളികഴിച്ചുസുനന്ദയെ-
ഭാഗ്യവാരാന്നിധിയായൊരുമകൻ
യൊഗ്യപൂരുഷനായിഭ്രമന്യുവും-
ദാശാൎഹനുടെപുത്രിസുവൎണ്ണയി
ലാശപൂണ്ടുവിവാഹിച്ചുടനവൻ-
പുത്രനന്നവൎക്കുണ്ടായിസുഹൊത്രനു
മെത്രകീൎത്തിമാൻവെട്ടിതൈക്ഷ്വാകിയെ-
ഹസ്തിയെന്നൊരുപുത്രനുമുണ്ടായി
തത്രവാഴുന്നകാലമൊരുദിനം-
ക്ഷൊണിനാഥൻത്രിഗൎത്തന്റെപുത്രിയാ
മെണലൊചനയാകുമെശൊധരെ-
ഹസ്തിപാണിഗ്രഹണവുംചെയ്യവ
രസ്തിനപുരിതന്നിൽവാഴുന്നനാൾ-
സൂനുവായിവികുഞ്ജനുണ്ടായവ
രെനമൊടുവളൎത്തിയഥാസുഖം-
ദാശാൎഹനുടെപുത്രിസുനന്ദയാം
പെശലാംഗിയെകയ്ക്കൊണ്ടവനുടൻ-
പുത്രനായിട്ടജമീഢനുണ്ടായി
ചിത്രമത്രെയവന്റെവൃത്താന്തവും
പഞ്ചബാണാൎത്തികൊണ്ടവൻപെണ്ണുങ്ങ
ളുമ്മൂപെരെപരിഗ്രഹിച്ചീടിനെൻ-

ന്മകൈകെയിനാഗഗാന്ധാരിയും
പിന്നായുണ്ടുവിമലയുമൃക്ഷയും-
ഏറെയൊന്നുംകറവില്ലന്നന്ദനർ
നൂറുപിന്നെഇരുപത്തുനാലുമാം-
സംവരണനെന്നാണ്ടിവക്കഗ്രജൻ
ധമ്മശീലനങ്ങെത്രയുംകീത്തിമാൻ
മാത്താണ്ഡാത്മജയാകുംതപതിയെ
കീത്ത്യാവെളികഴിച്ചവൻ വാഴുമ്പൊൾ-
കുരുവെന്നൊരുനന്ദനനുണ്ടായി
കൌരവരെന്നുചൊല്ലുന്നതുമിവർ-
ദാശാഹന്നുടെപുത്രിശ്ശുഭാംഗിയെ
സാദരമവൻവെളിചെയ്തീടിനാൻ-
നന്ദനനവക്കന്നുവിദൂരഥൻ
വന്നുജാതമായെന്നുചൊല്ലീടുന്നു-
മാഗധാത്മജയാമമൃതാഖ്യയെ
മാനിയാമവൻകാന്തയാക്കീടിനാൻ-
നന്ദനനൊന്നുദിച്ചുപരീക്ഷിത്തു
സുന്ദരന്മാരിലഗ്രഗണ്യൻറണാം-
ഭായ്യയായിട്ടവൻവഹിച്ചീടിനാൻ
കായ്യബോധിനിയായസുരൂപയെ-
സൂനുവായിട്ടുടൻജനിച്ചീടിനാൻ
ഭീമസെനനെന്നാകുന്നവൻറെപെർ-
വെട്ടുകൈകെയിയെന്നൊരുനാരിയെ
കൊട്ടമെത്തുംവരാതെവാഴുന്നനാൾ-
കെട്ടുകൊള്ളുന്നംസത്ത്യശ്രവാവെന്നു
പെട്ടനാരിയിൽജാതമായീടിനാൻ-

ശിബിനന്ദനയായ സുനന്ദയെ
അവനപ്പൊൾ പരിഗ്രഹിച്ചീടിനാൻ-
ദെവാവിശന്തനു പിന്നെ ബാല്ഹിക
നെവം മൂന്നു സുതന്മാർ ജനിച്ചതിൽ-
ശന്തനു തന്റെ ഭാൎയ്യയായുള്ളൊരു
ബന്ധുരാംഗിനിയായ ഭാഗീരഥി-
പുത്രനായതു ദെവവ്രതൻ ബത
ഭീഷ്മരെന്നും പറഞ്ഞു കെൾക്കുന്നൊരാൻ-
പിന്നയും ശന്തനു വൊരു നാരിയെ
ബന്ധുവാക്കിയതിന്നുര ചെയ്തിടാം-
ധീവരാത്മജയാകുന്ന കാളിയെ
ദീനമൊടെ കരസ്ഥമാക്കീടിനാൻ-
വെദമൂൎത്തിയായുള്ള പരാശര
നാദിയിലവളൊടു ക്രീഡിക്കയാൽ-
വെദവ്യാസനുമുണ്ടായവളിൽനി
ന്നാദരെണ വസിക്കുന്ന കാലത്തു-
ശന്തനു പുൽകിയുണ്ടായ നന്ദന
ന്തരമെന്ന്യെ ചൊല്ലിടാമിന്നിതിൽ
കെൾക്കയെന്നാൽ വിചിത്ര മഹാനതിൽ
നീക്കമില്ലൊന്നു ചിത്രാംഗദനുമാം-
കാശിഭൂപന്റെ നന്ദിനിമാർകളാം
പെശലാംഗിനിമാരായിമരുവുന്ന-
അംബികയൊടുമംബാലികയെന്ന
:ന്ദരികളെ വെട്ടു വിചിത്രനും-
ഖാൎത്തീടുമപ്പൊൾ വിചിത്രനക്കാലത്തു
മാൎത്താണ്ഡാത്മജൻ തൻ പുരിപുക്കപൊൾ-

വെദവ്യാസൻറെകാരുണ്യമെററുന്നാ
വെദനയൊഴിഞ്ഞംബികപെററവടൻ-
അമ്മഹീപതിയാംധൃതരാഷ്ട്രനും
അംബാലികയിൽപാണ്ഡുവുമുണ്ടായി-
ശൂദ്രിതന്നിൽവിദുരരുമുണ്ടായി
ധാൎത്തരാഷ്ട്രരായിനൂററൊന്നാമക്കളും-
പെരുമചൊല്ലുവാനെററംപ്രയാസമാ
മാരറിഞ്ഞിന്നുക്രലിനാൽകിടവൊർ-
അഗ്രജൻദുൎയ്യൊധനനെന്നുപെ
രുഗ്രനായതുദുശ്ശാസനനുമാം-
മൂന്നുദുൎദ്ധൎഷനെന്നാപെരായവൻ
ചൊന്നനാലുടൻദുൎമ്മുഖനെന്നാപെർ-
അഞ്ചുപിന്നൊജലസന്ധനെന്നവ
നഞ്ചാതാറിനുചൊല്ലാംസഹനെന്നും-
ഏഴുസാംബനുമെട്ടായവിന്ദനും
ദൊഷമെന്ന്യെയനുവിന്ദനൊൻപതാം-
പത്തുദുഷ്പ്രസഹൻപതിനൊന്നാമ
നൊത്തുപൊകുംസുബാഹുവുമിങ്ങിനെ-
പന്തിരണ്ടുദുഷ്പ്രധൎഷണനെന്നുപെർ
സന്ധിയുണ്ടുപതിമ്മൂന്നുദുൎമ്മദൻ-
പതിന്നാലുമാം ചിത്രയൊധിപിന്നെ
പതിനഞ്ചുദുഷ്കൎണ്ണനെന്നുംവരാം-
പതിനാറവടൻകൎണ്ണനെന്നുണ്ടുപെർ
പതിനെഴാമതാകുംവിവിംശതി-
പതിനെട്ടുവികൎണ്ണനെന്നുള്ളവൻ
പത്തുമൊമ്പതുമാംജലസന്ധനും-

വിംശതിയാംസുലോചനനെന്നവൻ
സംശയമില്ല ചിത്രാഖ്യനപ്പുറം-
ഇരുപത്തിരണ്ടാകുംവിചിത്രനും
ഇരുപത്തിമൂന്നായ ചിത്രാക്ഷനും-
ഇരുപത്തിനാൽചിത്രശരാസനൻ
ഇരുപത്തിയഞ്ചായദുർദ്ധർഷണൻ-
ഇരുപത്താറുദുഷ്പ്രധർഷാഖ്യനും
ഇരുപത്തേഴചെല്ലുംവിവിത്സുവും-
ഇരുപത്തെട്ടുപിന്നെവികടനും
ഇരുപത്തൊമ്പതാകുന്നതുശമൻ-
മുപ്പതാമൂർണ്ണനാഭനുംപിന്നീട
മുപ്പത്തൊന്നുസുനാഭനാകുന്നുപോൽ-
മുപ്പത്തിരണ്ടുനന്ദനാമാവുതാൻ
മുപ്പത്തുംമൂന്നുമാമുപനന്ദനും-
മുപ്പന്നാലിതിൽസേനാപതിയുമാം
മുപ്പത്തഞ്ചുസുഷേണനാകുന്നവൻ-
മുപ്പത്താറുകുണ്ഡോദരനെന്നുപേർ
മുപ്പത്തേഴുമഹോദരനെന്നവൻ-
മുപ്പത്തെട്ടുചിത്രധ്വജനാമവൻ
മുപ്പത്തൊമ്പതുചിത്രരഥനുമാം-
നാല്പതാമനാംചിത്രബാഹ്വാഖ്യനാം
നാല്പത്തൊന്നെല്ലോശത്രുജിത്തെന്നുപേർ-
നാല്പത്തിരണ്ടുചരത്രബാഹ്വാഖ്യ-
ത്തിമൂന്നുചിത്രവർമ്മാവുമാം-
നാല്പതാലുസുവർമ്മാവുമെന്നുപേർ
നാല്പത്തഞ്ചാമനാംദുർവ്വിമോചനൻ-

നാല്പത്താറാമനാം ചിത്രസെനനും
നാല്പത്തെഴസു ചിത്രനെന്നൊക്കണം-
നാല്പത്തെട്ടടൻ ചിത്രവൎമ്മാഖ്യക
നാല്പത്തൊമ്പതാകുന്നപരാജിതൻ-
അമ്പതാകുന്നു പണ്ഡിതകൻതഥാ
അമ്പത്തൊന്നു വിശാലാക്ഷനെന്നു പെർ-
അമ്പത്തും രണ്ടുമാകും ദുരാവരൻ
അമ്പത്തും മൂന്നമായതൃജിതനും-
അമ്പത്തും നാലുമാകും ജയന്തനും
അമ്പത്തഞ്ചു ജയത്സെനനെന്നു പെർ-
അമ്പത്താറിതിൽ ദുൎജ്ജയവീരനും
അമ്പത്തെഴാമനാം ദൃഢഹസ്തനും-
അമ്പത്തെട്ടു സുഹസ്തനാകുന്നവൻ
അമ്പത്തൊമ്പതു വാതവെഗൻതഥാ
അറുപതാകും സുവൎച്ചസ്സവനു പെർ
അറുപത്തൊന്നാമനാദിത്യകെതുവും-
അറുപത്തിരണ്ടു ബഹ്വാശിയെന്നവൻ
അറുപത്തും മൂന്നുമാം നാഗദന്തനും-
അറുപത്നാലാമനഗ്രയായിപ്രട്ട
അറുപത്തഞ്ചാമനാകും കവചിയും
അറുപത്താറു നിഷംഗിയെന്നാകുന്നു
അറുപത്തെഴടൻ പാശിയത്രെ ദൃഢം-
അറുപത്തെട്ടിതിൽ ദണ്ഡധാരൻ തമ്പി
അറുപത്തൊമ്പതാകുന്നു ധനുൎഗ്രഹൻ-
എഴുപതാമനാമുഗ്രനെന്നുണ്ടു പെ
എഴുപത്തൊന്നിതിൽ ഭീമരഥനുമാം-

ഏഴപതിരണ്ടുഭീമാഖ്യനെന്നവൻ
ഏഴപത്തിമൂന്നാവീരബാഹ്വാഖ്യനും-
ഏഴപതുംനാലുമാകുന്നലൊലുപൻ
ഏഴപതഞ്ചിതിൽഭീമകൎമ്മാവുമാം-
ഏഴപത്താറുസുബാഹുവെന്നുള്ളവൻ
ഏഴപതുമെഴമാംഭീമവിക്രമൻ-
ഏഴപത്തെട്ടാമനാമഭയപ്രട്ട
ഏഴപത്തൊമ്പതുരുദ്രകൎമ്മാവുമാം-
എൺപതുമതലെൺപത്തിരണ്ടോളം
തമ്പിമാരാംദൃഢരഥർമൂന്നുപെർ-
എൺപതുംമൂന്നമാമനാധൃഷ്യനും
എൺപതാലിതിൽകുണ്ഡഭെദിപ്രജ്ഞ-
എൺപതഞ്ചാമനാകുംവിരൊധിയും
എൺപത്താറാമനാംദീൎഘലൊചനൻ-
എൺപത്തെഴദീൎഘധ്വജനെന്നാപെർ
എൺപത്തെട്ടിതിൽദീൎഘഭുജനുമാം-
എൺപത്തൊമ്പതദീൎഘനെന്നുള്ളവൻ
തൊണ്ണൂറാമിതിൽദീൎഘനത്രെദൃഢം-
തൊണ്ണൂറ്റൊന്നിതിൽദീൎഘബാഹ്വാഖ്യനും
തൊണ്ണൂറുംരണ്ടുമാംമഹാബാഹുവും-
തൊണ്ണൂറുംമൂന്നാമാകുമൂഢൊരസ്കൻ
തൊണ്ണൂറുംനാലുമാംകനകധ്വജൻ-
തൊണ്ണൂറ്റഞ്ചാമനാംമഹാകുണ്ഡനും
ണ്ണൂററാറാമനായതുകുണ്ഡനും-
തൊണ്ണൂറ്റെഴാമതായതുകുണ്ഡജൻ
തൊണ്ണൂറ്റെട്ടാമതാകുന്നചിത്രജൻ-

തൊണ്ണൂറെററാമ്പതനസ്വാനമിങ്ങനെ
എണ്ണിനൊക്കിയാൽനൂറിതിൽചിത്രകൻ-
നൂററുപെരനാചൊല്ലുന്നിവക്കുപെർ
മാററമുണ്ടാകയില്ലുന്നിതൊക്കണം-
കററക്കാർകുഴലാളായദുശ്ശള
ഉററിവക്കുഭഗിനിയായിവന്നപൊൽ-
ഗാന്ധാരാധിപൻതന്നുടെപുത്രിയാം
ഗാന്ധാരിയിവർതൻെറജനനിയും-
അക്കഥനിൽക്കപിന്നെപ്പറഞ്ഞിടാം
അപ്പൊൾപാണ്ഡുവിനഞ്ചുണ്ടുനന്ദനർ-
ധമ്മപുത്രരുംഭീമനുമജ്ജുന
നെന്നപൊൽനകുലൻസഹദെവനും-
അഞ്ചുപെക്കുംപ്രണയിനിപാഞ്ചാലി
അഞ്ചുപുത്രരവൾക്കുമുണ്ടായിപൊൽ-
പ്രതിവിന്ധ്യൻസുതസൊമനെന്നുപെർ
മതിമാൻശ്രുതസെനനുംപിന്നീട്ടു-
ശ്രുതികമ്മാശതനീകനിങ്ങിനെ
മതിശാലികളായുള്ളവായവർ-
വെട്ടുപിന്നെയുമൊന്നുയുധീഷ്ഠിരൻ
കെട്ടുകൊള്ളണംശൈബ്യൻെറപുത്രിയാം
ദെവകീതന്നിലുണ്ടായൊരുമകൻ
ദെവതുല്യനാംയൌധെയനെന്നുപെർ-
കാശിരാജൻെറപുത്രിബലധരെ
വാതജനാംവിവാഹമായീടിനാൻ-
ശമ്മത്രാതനെന്നുണ്ടായൊരുമകൻ
ധമ്മത്തിങ്കൽപ്രധാനിയുമായവൻ-

ഫൽഗുനനാം സുഭദ്രയെവെട്ടവർ
ഭദ്രമൊടുവസിക്കും ദശാന്തരെ-
ഗർഭ്വും ധരിച്ചന്നുസുഭദ്രയി
ലർക്കനഭിമന്ന്യുവുണ്ടായിപൊൽ-
ചെദിരാജൻെറപുത്രിയാംരെണൂക
ആശപൂണ്ടുടൻവെട്ടുനകുലനും-
പുത്രനാമ്നരാമിത്രനുണ്ടായവ
നെത്രകീൎത്തിമാനെന്നറിഞ്ഞീടുവിൻ-
മദ്രെശാത്മജയാംവിജയെക്കണ്ടു
സദ്യൊകയ്ക്കൊണ്ടുപൊൽസഹദെവനും-
ആത്മജനായിസുഹൊത്രനുമുണ്ടായി
ആത്മനീചെന്നുവാണുപൊലന്നവർ-
ഭീമനും മൻപിടുംബിയിലുണ്ടായി
ഭീമവിക്രമശാലിഘടൊൽക്കചൻ-
പിന്നെയുമൎജ്ജുനനന്നുലൂപിയിൽ
ധന്ന്യനായതിരാവാനൊരുമകൻ-
പിന്നെയുംമണലൂരാധിപനുടെ
നന്ദിനീയായചിത്രാംഗദയിലും-
വന്നുജാതനായിബഭ്രുവാഹനനെന്ന
നന്ദനനൊരുധന്ന്യനത്രെദ്ദഢം-
ഇങ്ങനെപാണ്ഡുനന്ദനന്മാർകൾക്കു
വന്നുജാതംപതിമ്മൂന്നുമക്കളും-
മന്നവനഭിമന്ന്യുവുമക്കാല
ത്തൊന്നുവെളികഴിച്ചുവിരാടൻെറ-
നന്ദിനിയാകമുത്തരയെന്നവൾ
ക്കന്നുജാതമായുന്നാൻപരീക്ഷിത്തു-

ആദ്യമെപറഞ്ഞീടിനെന്നിനിയും
ഭേദ്യമുണ്ടെങ്കിലുംക്ഷമിച്ചീടണം-
കെൾപ്പെഴുംദക്ഷപുത്രിമാരമ്പതിൽ
ഇപ്പത്തൊഴിൻറവസ്ഥചൊന്നെന്നിതിൽ-
പിന്നെയുമെല്ലാരുനന്ദിനിമാരുടെ
സംഗതിയരുൾചെയ്യാംവിശദമായി-
കാശ്യപൻപതിമൂന്നുപെണ്ണുങ്ങളെ
വെശ്യാവൃത്തിക്കകൈക്കൊണ്ടവക്കുപെർ-
അദിതിദിതികാലയനായുഷാ
ദനുസിംഹികാക്രൊധാധ്രുവാമുനീ-
വിനതാഖദ്രുപിന്നെക്കപിലയും
കനിവൊടുകെൾപിന്നെവരിഷ്ടയും-
എന്നതിലദിതിക്കുതനയരായി
വന്നുപന്തിരണ്ടാദിത്യന്മാർകളും-
ധാതാമിത്രനുമര്യ്യമാൻശക്രനും
നെരെപിന്നെവരുണനുമംശുമാൻ-
ഭഗനുംവിവസ്വാനൊടുപൂഷാവു
സവിതാത്വഷ്ടാവിഷ്ണുവെന്നിക്രമാൽ-
ദിതിപെററഹിരണ്യാക്ഷനാമവ
നതികീൎത്തിമാനഞ്ചുണ്ടുപുത്രരും-
പ്രഹ്ലാദൻസഹ്ലാദനനഹ്ലാദൻ
മതിമാനാംശിബിപിന്നെബാഷ്കളൻ-
എന്നതിൽപ്രഹ്ലാദനുപുത്രർമൂ
ന്നൊന്നുപിന്നൊവിരൊചനൻമൂത്തവൻ-
സുംഭനൊടുനിസുംഭനെന്നിങ്ങനെ
മുമ്പുചൊന്നവിരൊചനൻറാത്മജൻ-

വന്ധനായമഹാബലിക്കാത്മജൻ
മമ്പിലെന്തുമമൂത്തവൻബാണനും-
ദനുനന്ദനന്മാർനാല്പത്തുണ്ടുപൊ
ലുതന്നെപറയാമിവിടെഞാൻ-
വിപ്രചിത്തിശംബരനമുചിയു
മിപ്രകാരംപുലൊമാവസിയുടൻ-
ദുജ്ജയൻകെശിലൊമാപമലനു
മശ്വശീരാവയശ്ശിരാശംകുവും-
അയശംകുഗഗനമൂദ്ധ്വെഗവാൻ
അത്തുപൊലമഹൊകെതുമാൻസ്വഭാനു-
ചിത്രഭാനുവൃഷപവ്വാവശ്വനും
അശ്വഗ്രീവൻജഗനൊടശ്വപതി-
സൂക്ഷ്മനൊടുതുഹുണ്ഡനുംബസൃവും
ദൂഷ്യമില്ലാതെയുള്ളകചിത്തനു--
വിത്രപാക്ഷനഹരൻഹരനുടൻ
വിരവൊടുനിചന്ദ്രൻനികുംഭനും-
കുപഥൻകാപഥൻശരഭൻപിന്നെ
ശരഭൻചന്ദ്രമാവുമീനാല്പതും-
സിംഹികാപെററരാഹുസുചന്ദ്രനും
ചന്ദ്രമർദ്ദനൻക്രൂരസ്വഭാവനും-
ചന്ദ്രഹന്താവുമിങ്ങനെനന്ദനർ
വന്നുജാതമായീടിനാരിന്നിതിൽ-
ക്രൂരപെററുള്ളമക്കളെച്ചൊല്ലുവാ
നാരുമില്ലെന്നുശാസ്ത്രൊക്തിയെങ്കിലും-
ചൊല്ലുവൻകുറഞ്ഞൊന്നിതെകാക്ഷനും
നല്ലമൂതവൻപിന്നെപ്രലംബനും-

വാതാപിനരകൻഗഭിഷ്ഠൻപിന്നെ
പാതകനായദീൎഘജിഹ്വന്തഥാ-
ധന്യനായുസദന്തനെന്നിങ്ങനെ
പിന്നെശത്രുതപനനുംതനോടെ-
താപിയാകിയചന്ദ്രനായുംപുന
രിമ്പമൊടവൎക്കൊക്കനാമമാം-
കെൾക്കണമിനിയുംചൊല്ലുവൻമമ
നീക്കമില്ലങ്ങനായുഷപുത്രരെ-
വിഷ്ടരൻബലൻവീരനുംവൃത്തനും
മിഷ്ടരന്മാരതെന്നുചൊല്ലീടുവൊർ-
കാലതന്റെതനയർവിനാശനൻ
ക്രൊധഹന്താവുക്രൊധൻവിവൎദ്ധനൻ-
അക്രൊധൻപുനരിങ്ങനെയഞ്ചുപെർ
വിക്രമന്മാരുമുണ്ടായവൎക്കടൻ-
വിനതതന്റെപുത്രരാരനാകെൾ
വിനയത്തൊടുതാൎക്ഷ്യൻഗരുഡനും-
ആരുണിഅരുണനിനിവരൊടു
വാരുണീയുമരിഷ്ടനെമിതഥാ-
ഖദ്രുവിന്റെതനയരെചൊല്ലുവൻ
ഭദ്രമൊടതുംകെൾക്കന്നതെവത്ര-
അനന്തൻവാസുകിതക്ഷകനൊടു
ഗുളികൻശംഖപാലകൻപത്മനും-
പിന്നെയുണ്ടുമഹാപത്മനെന്നുപെർ
പിന്നെയുള്ളതുചൊല്ലുകില്ലാരുമെ-
മനിതന്നുടെമക്കളെച്ചൊല്ലുവൻ
വിനയത്തൊടുകെൾക്കണംവെള്ളൊറ-

ഭീമസെനനുമുഗ്രസെനൻകലി
ഭീമമായസുവൎണ്ണൻവരുണനും-
ഗൊപതിധൃതരാഷ്ട്രൻപ്രയുഗനും
സൂൎയ്യവൎച്ചസൻപുത്രവാൻനാരദൻ-
അൎക്കവൎണ്ണനുംസൎവ്വവിൽദെവശിയും
ധൃഷ്ടദ്യുമ്നൻശാലീശിരാപിന്നെയും-
കെൾക്കചിത്രരഥൻപതിനാറപെർ
നീക്കമില്ലാതെയുണ്ടവൾക്കംഗ്ഗന്ധം-
പ്രാപയാത്മജമാരനവദ്യയു
മായപൊലെഅനവശമന്നവാ-
മാൎഗ്ഗണെപ്രിയപിന്നെമദിരയും
കെൾക്കണംഭാഗപിന്നെസുഭഗയും-
സിദ്ധൻപൂൎണ്ണനുംബൎഹിപൂൎണ്ണാശനൻ
സിദ്ധമായസുവൎണ്ണൻരതിഗുണൻ·
ബ്രഹ്മചാരിയുംഭാനുവിശാവസ
നമ്മഹീയിൽപ്രധാനിസുഭദ്രനും-
പിന്നെയുണ്ടുവരിഷ്ഠകനന്ദന
രൊന്നമിശ്രകെശിയുമലംബുസാ-
വിദ്യുദ്വൎണ്ണനുംലാവനാഖ്യൻപിന്നെ
സിദ്ധിച്ചാനരുണാരക്ഷിതയുടൻ-
രംഭപിന്നെമനൊരമാതുംബുരു
അമ്പിനൊടുസുവൃതാസുഭുജയും-
ആഹാഹഹൂഹൂഅസിതസുബാഹുവും
ആകയിന്നവൎക്കൊക്കവെനാമമാം-
ഗൊക്കൾബ്രാഹ്മണർഗന്ധൎവ്വവൃന്ദവും
നീക്കമില്ലാതമൂത്തുംകപിലയിൽ-

ബ്രഹ്മാവിന്നുടെരെതസ്സിൽനിന്നുടൻ
വന്നാരുദ്രർപതിനൊന്നുപെർകല്ലൂ-
മൃഗവ്യാധനാംശർവ്വൻനിരൃതിയു
മജൈകപാദൻമഹിബ്ബുധ്നീ-
ദഹനൻഭവൻസ്ഥാണുപിനാകിയു
മതുപൊലെകപാലിയെന്നിങ്ങനെ-
അംഗിരസ്സിന്റെപുത്രർസംവർത്തനൻ
പിന്നെയുണ്ടങ്ങുചത്ഥ്യൻബൃഹസ്പതി-
അത്രിപുത്രരസംഖ്യമുണ്ടങ്ങിലു
മക്ഷിയിൽനിന്നുചന്ദ്രനുണ്ടായിപൊൽ
പുലസ്ത്യാത്മജൻവിശ്രവസ്സാകുന്നു
പുലഹാത്മജന്മാരിനിച്ചൊല്ലുവൻ-
വാനരന്മാർകരനാമൃഗങ്ങളും
മാനമെഴുന്നകിന്നരന്മാർകളും-
കിമ്പുരുഷർക്രതുവിന്റെനന്ദനർ
വൻപുചെന്നപതംഗസഹചരർ-
ധർമ്മരാജന്റെപത്നിമാർപത്തുപി
ന്നൊന്നൊഴിയാതെചൊല്ലാംവിശദമാ
കീർത്തിലക്ഷ്മിധൃതിമെധപുഷ്ടിയും
തീർത്തുചൊല്ലാംക്രിയാബുദ്ധിലജ്ജയും-
മതിശ്രദ്ധയെന്നിങ്ങിനെപത്തുപെർ
മതിമാനായദക്ഷന്റെപുത്രിമാർ-
ദക്ഷനിൽനിന്നുപിന്നെയുമുണ്ടായി
ശിക്ഷയൊടുടനഷ്ടവസുക്കളാംപെർ-
ധരനുംധ്രുവൻപ്രത്യൂഷനഷ്ടമൻ
അനിലൻസൊമനാപനനലനും-

ശൊഭയെറം പ്രഭാസനെന്നിങ്ങിനെ
പ്രാഭവന്മാർകളഷ്ടവസുക്കളും-
ധരനും ധ്രുവൻസൊമൻമനസ്സിനി
ഇവർനാലരും ധൂമ്രപെററവരുവർ-
സൊമനെന്നാമനസ്സിനീപെററവരും
ക്കൊമനയായെയാതമകനുണ്ടുപൊൾ-
തസപെററ ടനാപനെന്നുണ്ടായി
തസമൊട്ടടൻപെററിതുശാണ്ഡിലി-
അനിലൻപ്രഭപെററിട്ടനലനും
അതുപൊലെപ്രഭാസനും പ്രത്യുഷൻ-
ഇവരിൽധരൻതന്റെതനയരാം
ദ്രവിണൻശ്രമൻശ്രാന്തനുമാപരും-
മനിവൈതണ്ഡ്യനൊട്ടുഹുതവഹൻ
അതുപൊലുടനഗ്ന്യവഹനുമാം-
ധ്രുവൻതന്നുടെപുത്രനാം കാലനും
ക്രമംപൊലെഞാൻ ചൊല്ലുവൻമെൽക്കമെൻ-
സൊമൻതന്നുടെപുത്രനാംവച്ചസ്സു
വച്ചസ്സിങ്കൽവച്ചസ്സിയുമുണ്ടായി-
സംഭ്രമംവിട്ടുപെററമനൊഹരി
മൻ[illegible]നാകം ശിശിരനിക്കൂട്ടത്തിൽ
പ്രാണനൊട്ടുമരണനീമൂവരുപെർ
പ്രാണനൊന്നെപറയാമവർക്കിവർ-
ചൊല്ലെഴും ഹയസ്സിന്റെതനയരെ
ചൊല്ലുവനിന്നുജ്യൊതിരാദികളും-
ശരവണലയനാകും കുമാരനും
അനലനന്ദനനനലപതിശിവ-

നന്ദനനാംപുരൊവഹൻപ്രത്യൂഷ
സ്സിന്റെനന്ദനനാകുന്നദെവലൻ-
നന്ദനരവർദൈവഭക്തന്മാർക
ളിന്നവററിലെട്ടാമൻപ്രഭാസനം-
ഗീഷ്പതിയുടെസൊദരിതന്നാലും
വെട്ടുവിശ്വകൎമ്മാവുമുണ്ടായുടൻ-
ധാതാവിന്റെവലമുലയിൽനിന്നു
ജാതമായിപൊൽധൎമ്മനെന്നുള്ളവൻ-
കാമനംശമൻഹൎഷനെന്നിങ്ങിനെ
കാമടമൊടുജനിപ്പിച്ചുധൎമ്മനും
പതിയായുള്ളനാകാമനാപ്രാപ്യയും
പതിഹൎഷന്നുനന്ദിയാകുന്നവരും-
സവിതാവെന്നുചൊല്ലുമാദിത്യന്റെ
സഹവാസമായുള്ളവൾത്വാഷ്ട്രിയാം-
നന്ദനന്മാർകളശ്വിനീദെവക
ളന്നവൎക്കുജനിച്ചതാരെന്നുകെൾ-
പശുവൃന്ദങ്ങൾഗുഹ്യകന്മാർകളു
പരിശൊടുടനൌഷധിയിങ്ങിനെ-
കമലാസനൻതന്റെഹൃദയത്തിൽ
കനിവൊടുജനിച്ചാൻഭൃഗുവുടൻ-
ഭൃഗുവിന്റെമകൻകപിയാകുന്നു
കപിതന്നുടെപുത്രനാംകാവ്യനും
ഭൃഗുതന്നുടെയാത്മജനാംച്യവൻ
മനുതന്നുടെപുത്രിയാഷീയയെ-
കൈക്കൊണ്ടൌൎവ്വനെന്നുണ്ടായൊരുമുനി
മുഖ്യനായസുതനാമൃചീകനും-

ധാതാവിങ്കൽനിന്നുണ്ടായിപിന്നയും
ധാതാവുംവിധാതാവുമെന്നിങ്ങിനെ-
ലക്ഷ്മിയാമിവർതന്റെഭഗിനിയും
തൽക്ഷണമവളശ്വങ്ങളുണ്ടാക്കി-
പത്നിയായിവരുണന്നുജ്യേഷ്ഠയും
മക്കളായാറുപെരുമുണ്ടായതിൽ
സുരപിന്നെസുരനന്ദിനിയെന്നി
തിരുപെരുണ്ടുപുത്രിമാരായിട്ടും-
ധാതാവിന്റെവാമസ്ഥനാത്തിലും
ജാതമായിട്ടധമ്മനെന്നൊരാളും-
തന്നുടെപത്നിയാകുന്നിരൃതിയും
അന്നവൾപെററരാക്ഷസന്മാർകളും-
പിന്നയുംഭയൻമൃത്യുമഹാഭയൻ
യെന്നുമൂന്നധമ്മാത്മജന്മാരതിൽ-
താമ്രബ്രഹ്മാത്മജപുത്രികളായി
ക്രൌഞ്ചിഭാസിയുംശ്യേനിയുംപിന്നീട-
ധൃതരാഷ്ട്രിശുകിയെന്നാമുള്ളതിൽ
ക്രൌഞ്ചിപെററവലൂകന്മാർകളാമവർ-
ഭാസിപെററഭാസന്മാരുമങ്ങിനെ
ശ്യേനിപെററശ്യേനന്മാരുമുണ്ടായി-
ധൃതരാഷ്ട്രിക്കുപുത്രർഹംസങ്ങളും
ശുകിപെററശുകന്മാരുമാകട്ടെ-
പിന്നയുംബ്രഹ്മദേവങ്കൽനിന്നൊരു
പ്രചിരതാവുമുണ്ടായിവന്നപൊൾ-
പുത്രിമാരായവൾക്കുമുണ്ടായുട
നെരുകീത്തിമൃഗിമൃഗമന്ദയും-

സുരസാശ്വേതമാതംഗിശാൎദ്ദൂലി
സുരഭിഹരിഭദ്രമനയുമാം-
ഋഷിപെററമൃഗവൃന്ദമൊക്കയും
മൃഗമന്ദശ്ശക്ഷന്മാർകളയുമാം-
ഹരിപെററവടൻവാനരന്മാർമററം
ഐരാവതംഭദ്രമനക്കടൻ-
മാതംഗിക്കമാതംഗപരിഷകൾ
ശാൎദ്ദൂലിക്കടൻസിംഹവ്യാഘ്രങ്ങളും-
ശ്വേതപെററശ്വേതാശ്വഗജങ്ങളും
സുരഭിക്കടൻരൊഹിണിഗന്ധൎവ്വി
സുരസപെററനാഗങ്ങളൊക്കയും
രൊഗിണിപെററഗൊക്കളംബഹുവിധം.
ഗന്ധൎവ്വിക്കടനശ്വങ്ങളാകനാ
സനതിശ്രുകിക്കപ്പോളനലയും
അവൾപെററസ്വാദുള്ളഫലംപെറം
അളവില്ലാതെവൃക്ഷങ്ങളൊക്കയും-
കദ്രുവിൻെറമകളാംസുരസയും
ചമിദ്രമെനിയെപെററാൾശ്യേനിയെ-
അവൾപെററസമ്പാതിജടായുവും
ഇവർരാമഭക്തന്മാർകളായുരാം-
ഒന്നാമദ്ധ്യായമിങ്ങിനെചൊല്ലിഞാൻ
പിന്നയുംരണ്ടിലാഗമിച്ചിടുന്നു-
രണ്ടാമദ്ധ്യായംകൊണ്ടുരായാടിഞാൻ
രണ്ടുന്നാകിലുംസന്ധിചെയ്തിടുവൻ-
അറിയാതല്ലനിൎത്തിഞാനിക്കഥാ
അറിയാമിതുകൊണ്ടുമെലെടവും

ന്നതിന്നാലിന്നു സൎവ്വാപരാധവും
ന്തിമാന്മാർക്ഷമിക്കാംവിശേഷിച്ചും-
പത്മനാഭൻപരൻപുരുഷോത്തമൻ
ലക്ഷ്മീവല്ലഭനാദിനാരായണൻ-
കൊച്ചുകൃഷ്ണൻമുകുന്ദൻമുരാന്തകൻ
ഗോപ്പിമാർവെണ്ണകട്ടുണ്ടമാധവൻ-
തത്വകാലാനന്തസ്വരൂപാന്തകൻ
ചക്രപാണിജനാർദ്ദനൻകേശവൻ
നിത്യനവ്യയനേകൻപരാപരൻ
നിഷ്കളൻനിലലോഹിതസേവിതൻ
നിർഗ്ഗുണൻനിർവ്വികാരൻനിരാമയൻ
നിസ്തുലൻനീലസാരസലോചനൻ-
കന്മഷരഹിതൻകരുണാകരൻ
നിഷ്കലാത്മാനിരശ്ചലൻനിശ്ചലൻ-
ചിൽപ്പുരുഷൻജഗന്മയൻചിന്മയൻ
കല്പമെജയാപത്മനാഭാവിഭോ-

ശുഭം.

